I.ഇ.ബി.XIII –കേരള നിയമസഭ/X—15

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഫെബ്രുവരി 04, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

**അടിയന്തര പ്രമേയം**

## റബ്ബറിന്റെ വിലയിടിവ്

മി. സ്പീക്കര്: സ്വാഭാവിക റബ്ബറിന്റെ വില കുത്തനെ ഇടിഞ്ഞിട്ടും റബ്ബർ ഇറക്കുമതി പൂർണ്ണമായി നിരോധിക്കാനോ, റബ്ബർ സംഭരണം നടത്താനോ യാതൊരു തീരുമാനവും ഇല്ലാത്തതിനെത്തുടർന്ന് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി. എസ്. സുനിൽ കുമാര്, ജോസ് തെറ്റയില്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് റബ്ബർ കർഷകരെ വളരെയധികം ബാധിക്കുന്നുണ്ട്. റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയുമായി ബന്ധപ്പെട്ടാണ് നിശ്ചയിക്കപ്പെടുന്നത്. സ്വാഭാവിക റബ്ബറിന് വിദേശത്തു ലഭിക്കുന്നതിനേക്കാൾ കൂടുതൽ വില സംസ്ഥാനത്ത് ലഭ്യമാകുന്നുണ്ടെങ്കിലും വില ക്രമാതീതമായി താഴ്ന്നുകൊണ്ടിരിക്കുന്നു. വില കുറയുന്നതിനനുസരിച്ച് ഉൽപ്പാദനച്ചെലവ് കുറയാത്തത് കർഷകരെ കൂടുതൽ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. റബ്ബറിന്റെ ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചു വെങ്കിലും അന്തർദ്ദേശീയ മാർക്കറ്റിലുണ്ടായ വിലക്കുറവിന്റെ ഫലമായി സംസ്ഥാനത്ത് റബ്ബർവില പിടിച്ചുനിർത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ റബ്ബർ സംഭരണം നടത്തണമെന്ന നിർദ്ദേശം കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും കേരളത്തിൽ റബ്ബർ സംഭരിക്കുന്നതിന് തീരുമാനമെടുത്ത് ബഡ്ജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങളെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്. റബ്ബറിന്റെ വിലയിടിവ് തടയുന്നതിന് എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: കേരളത്തിന്റെ സമ്പദ്ഘടനയിൽ സുപ്രധാന പങ്കുവഹിക്കുന്ന റബ്ബറിന്റെ വില തുടർച്ചയായി ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ റബ്ബർ കർഷകരിൽ ബഹുഭൂരിപക്ഷവും രണ്ട് ഹെക്ടറിൽ താഴെ

ഭൂമിയുള്ള ചെറുകിട കർഷകരാണ്. കേന്ദ്രഗവൺമെന്റ് നേരിട്ട് ഇടപെട്ടാണ് കേരളത്തിൽ മറ്റുവിളകളെ ഒഴിവാക്കിക്കൊണ്ട് റബ്ബർകൃഷിയെ പ്രോത്സാഹിപ്പിച്ചത്. റബ്ബറിന്റെ വില സംരക്ഷിക്കുന്നതിനുള്ള ചുമതല കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കുണ്ട്. വ്യവസായികൾ ആവശ്യത്തിലധികം റബ്ബർ ഇറക്കുമതിചെയ്യുകയും സംഭരിക്കുകയും ചെയ്തതിനുശേഷമാണ് റബ്ബറിന്റെ ഇറക്കുമതി തീരുവ കൂട്ടുന്നതിന് കേന്ദ്രഗവൺമെന്റ് തയ്യാറായത്. ടയർ കമ്പനികളുടെ നിർബന്ധത്തിനുവഴങ്ങി വൻതോതിൽ ഇറക്കുമതിക്ക് അനുമതി നൽകിയതുമൂലമാണ് റബ്ബറിന്റെ വിലയിടിഞ്ഞത്. അഡ്വാൻസ് ലൈസൻസിംഗ് സ്കീമിൽ ഉൾപ്പെടുത്തി ഇറക്കുമതി ചെയ്യുന്ന റബ്ബറിന് തത്തുല്യമായ കയറ്റുമതി നടത്തണമെന്ന നിബന്ധന പാലിക്കപ്പെടുന്നില്ല. ബഡ്ജറ്റിൽ റബ്ബർ സംഭരണത്തിനായി നീക്കിവച്ച തുക പര്യാപ്തമല്ല. വിലയിടിവ് പിടിച്ചുനിർത്തുന്നതിന് വിലസ്ഥിരതാ ഫണ്ടിൽനിന്നും ലഭ്യമാകുമെന്ന് പറഞ്ഞ തുകയും ലഭിച്ചിട്ടില്ല. റബ്ബറിന്റെ വിലയിടിവ് പിടിച്ചുനിർത്തുന്നതിന് സർക്കാർ അടിയന്തരമായി മാർക്കറ്റിൽ ഇടപെടുകയും കൃഷിക്കാരന്റെ കയ്യിൽനിന്നും നേരിട്ട് റബ്ബർ സംഭരിക്കുകയും ചെയ്യണം. റബ്ബർ ഉൽപ്പാദനച്ചെലവും വർദ്ധിച്ചിരിക്കുകയാണ്. വിലയിടിവിന്റെ സാഹചര്യത്തിൽ റബ്ബർ സംഭരണവും വിള ഇൻഷ്വറൻസും നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകണം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ നിരന്തര

പ്രോത്സാഹനത്തിന്റെ ഫലമായാണ് റബ്ബർ കൃഷി കേരളത്തിൽ വികസിച്ചത്. വിപണിയിലിടപെട്ട് കൃഷിക്കാരിൽ നിന്ന് നേരിട്ട് റബ്ബർ സംഭരിക്കുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽനിന്നും 100 കോടി രൂപ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): റബ്ബറിന്റെ വില കുറയുന്നതിൽ സർക്കാരിന് ഉത്കണ്ഠയുണ്ട്. ഇത് ചെറുകിട കർഷക സമൂഹത്തെ മാത്രമല്ല കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെയും ബാധിക്കുന്നതായതിനാൽ റബ്ബറിന്റെ വിലയിടിവ് തടയാൻ സർക്കാർ കഴിയുന്നതെല്ലാം ചെയ്യും. വിപണിയിലിടപെടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. റബർ സംഭരണത്തിനാവശ്യമായ തുക ലഭ്യമാക്കുന്നതും സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ന്യായവിലയ്ക്ക് കൃഷിക്കാരിൽനിന്ന് റബ്ബർ സംഭരിക്കുന്നതുമാണ്. സംസ്ഥാനത്തിന്റെ അഭിപ്രായമാരായാതെ റബ്ബർ ഇറക്കുമതി ചെയ്യാൻ പാടില്ലെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കേരളത്തിലെ എം.പി.മാരും കേന്ദ്രമന്ത്രിമാരും സംസ്ഥാന ഗവൺമെന്റുമെല്ലാം നടത്തിയ നിരന്തരമായ ഇടപെടലിന്റെ അടിസ്ഥാനത്തിലാണ് ഡ്യൂട്ടി സംബന്ധിച്ച നിർദ്ദേശം അംഗീകരിച്ചത്. ഏരിയ ഓഫ് കൾട്ടിവേഷനും ടോട്ടൽ പ്രൊഡക്ഷനും

നോക്കിയാൽ റബ്ബർ കൃഷിയിൽ കേരളമാണ് ഒന്നാം സ്ഥാനത്ത്. ഇറക്കുമതി ചെയ്യുന്ന ക്വാണ്ടിറ്റി, സമയം എന്നിവ സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾകൂടി കണക്കിലെടുക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റ് റബ്ബർ ബോർഡുമായി ചർച്ച ചെയ്ത് തീരുമാനിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. റബ്ബർ സംഭരണം സംബന്ധിച്ച് റബ്ബർ ബോർഡ്, നാഫെഡ്, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റിംഗ് ഫെഡറേഷൻ എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. ഏറ്റവും ഫലപ്രദമായ രീതിയിൽ റബ്ബർ സംഭരണം നടപ്പിലാക്കും. കേന്ദ്രഗവൺമെന്റിന്റെ സഹായംകൂടി ലഭ്യമാക്കിക്കൊണ്ട് റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദന്, സി. ദിവാകരന്, ജോസ് തെറ്റയില്, എ. എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവനകൾ

നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോവുകയും അല്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) **ഭൂമി കയ്യേറ്റങ്ങൾ**

ശ്രീ. റ്റി. എന്. പ്രതാപൻ : സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ഭൂമി കയ്യേറ്റങ്ങൾമൂലം നെൽവയലുകളും തണ്ണീർത്തടങ്ങളും വ്യാപകമായി നികത്തപ്പെടുകയാണ്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ നടക്കുന്ന ഈ കയ്യേറ്റങ്ങളിൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളും ഉൾപ്പെടുന്നുവെന്നുള്ളത് ഉത്കണ്ഠയുളവാക്കുന്നു. കൃഷി ആവശ്യത്തിനായി രാജാക്കന്മാരിൽനിന്നും വിവിധ പേരുകളിലും വ്യാജ ആധാരങ്ങളിലുമായി ബ്രിട്ടീഷ് കമ്പനികൾ പാട്ടത്തിനെടുത്ത ഭൂമിയുടെയും വ്യാജ പ്രമാണങ്ങൾ ചമച്ച് ഭൂമാഫിയ കയ്യേറിയ ഭൂമിയുടെയും ഉടമസ്ഥാവകാശം അസാധുവാക്കി സർക്കാർ ഏറ്റെടുക്കണം. നെൽവയല്-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമിയുടെ ഫിസിക്കൽ ഡാറ്റാ ബാങ്ക് തയ്യാറാക്കണം. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വൻകിട തോട്ടമുടമകൾ കോടതികളിൽനിന്നും സ്റ്റേ വാങ്ങുകയും കേസ് പരാജയപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ സമർത്ഥരായ അഭിഭാഷകരെ നിയോഗിച്ച് കേസ് നടത്താൻ വനം വകുപ്പിന്റെ

നേതൃത്തിൽ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : ഇടുക്കി ജില്ലയിൽ വാഗമണ്, മൂന്നാർ എന്നിവിടങ്ങളിൽ നടന്നുവരുന്ന അനധികൃത ഭൂമി കയ്യേറ്റങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെയും പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. വിവിധ കോടതികളിൽ നിലനിൽക്കുന്ന ഭൂമി കയ്യേറ്റ കേസ്സുകളൊഴികെയുള്ള കേസ്സുകളിൽ നടപടി സ്വീകരിച്ചുവരുന്നു. ഏറ്റെടുത്ത സർക്കാർ ഭൂമികളിൽ തുടർ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ ബോർഡുകളും ജണ്ടകളും സ്ഥാപിച്ചിട്ടുള്ളതുകൂടാതെ വില്ലേജ് ഓഫീസർമാരും ചാർജ് ഓഫീസർമാരും പരിശോധന നടത്തുന്നുമുണ്ട്. നെല്ലിയാമ്പതിയിൽ പാട്ടവ്യവസ്ഥ കാലാവധി കഴിഞ്ഞതിനെ തുടർന്നും പാട്ടക്കരാർ ലംഘനത്തെത്തുടർന്നും സർക്കാർ ഏറ്റെടുത്ത തോട്ടങ്ങൾ വനം വകുപ്പിന്റെയും കെ.എഫ്.ഡി.സി.-യുടെയും സംരക്ഷണയിലാണ്. സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ കൈവശക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച സ്റ്റേ ഉത്തരവ് നീക്കിക്കിട്ടുന്നതിനുള്ള നടപടികളും പാട്ടക്കരാർ ലംഘനം നടന്നതിനെ തുടർന്ന് 29 തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പാട്ടഭൂമി വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സി.ബി.ഐ. അന്വേഷണം നടന്നുവരുന്നു. കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള അനധികൃത ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ വിവിധ എസ്റ്റേറ്റുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1971-ലെ കെ. ഡി.എച്ച്. ആക്ട് പ്രകാരം കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട 57,19,266 ഏക്കർ ഭൂമി ടാറ്റയുടെ കൈവശം നിലനിർത്തുകയും ബാക്കി ഭൂമി സർക്കാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. ഇങ്ങനെ നിലനിർത്തിയ ഭൂമി ആവശ്യത്തിനുമാത്രം ഉപയോഗി ക്കേണ്ടതും മറിച്ചായാൽ മിച്ചഭൂമിയായി സർക്കാരിൽ വന്നുചേരുന്നതുമാണ്. പ്ലാന്റേഷൻ അല്ലാത്തവ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്നതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം ജന്മിക്കും കുടിയാനും കൈവശം വയ്ക്കാവുന്ന ഭൂമിയുടെ സീലിംഗ് പരിധി ബാധകമാക്കുകയും കുടിയാനുള്ള ഭൂമി പ്ലാന്റേഷനാണെങ്കിൽ പരമാവധി മുപ്പത് ഏക്കർവരെ അനുവദിക്കാമെന്ന് ഇളവ് നൽകിയിട്ടുമുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): കേസുകൾ പ്രോപ്പറായി കൈകാര്യം ചെയ്യുന്നതിനുതകുന്ന തരത്തിലുള്ള ഒരു സംവിധാനം കോടതിയിൽ ഏർപ്പെടുത്തുന്നതാണ്.

(2) **കഞ്ചിക്കോട് റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം**

ശ്രീ. എം. ഹംസ: പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. സേലം ഡിവിഷൻ വരുന്നതോടുകൂടി പാലക്കാട് ഡിവിഷന്റെ പദവി നഷ്ടപ്പെടരുതെന്ന ജനവികാരം കേന്ദ്രത്തെ അറിയിച്ചതിനെത്തുടർന്ന് പാലക്കാട് കോച്ച് ഫാക്ടറി അനുവദിക്കാമെന്ന് കേന്ദ്രം ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ആവശ്യമായ സ്ഥലം സംസ്ഥാനസർക്കാർ ഏറ്റെടുത്തു നൽകുകയുണ്ടായെങ്കിലും പല കാരണങ്ങൾ പറഞ്ഞ് റെയിൽവേ പിൻമാറുകയാണ്. പഴയതും മോശമായതുമായ ബോഗികളാണ് കേരളത്തിൽ ഓടുന്ന ട്രെയിനുകളിൽ ഉപയോഗിക്കുന്നത്. കോച്ച്ഫാക്ടറി വന്നാൽ പ്രത്യക്ഷമായും പരോക്ഷമായും ധാരാളം ആളുകൾക്ക് തൊഴിൽ ലഭ്യമാകും. കോച്ച് ഫാക്ടറിക്കായി നൽകിയ സ്ഥലത്ത് തറക്കല്ലിടുന്നതിനുപകരം കോട്ട

മൈതാനിയിൽ തറക്കല്ലിട്ടത് പ്രതിഷേധാർഹമാണ്. സംസ്ഥാന സർക്കാർ ഈ വിഷയത്തിലിടപെട്ട് കഞ്ചിക്കോട് കോച്ച് ഫാക്ടറി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുമുമ്പ് റെയിൽവേ മന്ത്രാലയത്തെ അറിയിക്കാറുണ്ട്. 2013 നവംബർ മാസത്തിൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.-മാരുടെ യോഗത്തിലും ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ 2014 ജനുവരി മാസം മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് പ്രത്യേക നിവേദനം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരുമായി ആലോചിച്ച് അടിയന്തരമായി ഇതിനുള്ള നടപടി കൈക്കൊള്ളണമെന്ന നിർദ്ദേശം പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നും നൽകിയിട്ടുണ്ട്. ഈ വിഷയത്തിന് ഉടൻതന്നെ പരിഹാരമുണ്ടാകുമെന്നാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്.

## സബ്മിഷൻ

### (1) റേഷൻ ഡീലേഴ്സ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): റേഷൻ

വ്യാപാരികളുടെ കമ്മീഷൻ കാലോചിതമായി പരിഷ്കരിക്കുക, റേഷൻ കട നടത്തുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുക, ഡീലർമാർക്ക് മിനിമം വേതനം നിശ്ചയിക്കുക, എ.പി.എല്. വിഭാഗങ്ങൾക്ക് അനുവദിച്ച റേഷൻ വിഹിതം യഥാസമയം നൽകുക, ബി.പി.എല്. വിഭാഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന റേഷൻ വിഹിതം വർദ്ധിപ്പിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്യുക എന്നീ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : 1-10-2012 മുതൽ റേഷൻ വ്യാപാരികളുടെ കമ്മീഷൻ 60 രൂപയാക്കി വർദ്ധിപ്പിച്ചതനുസരിച്ച് 2013 ഡിസംബർ മാസംവരെ കണക്കുകൾ സമർപ്പിച്ച ജില്ലകൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ കമ്മീഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യധാന്യങ്ങളുടെ വിഹിതം പരിമിതപ്പെടുത്തിയതുകൊണ്ടാണ് എ.പി.എല്. വിഭാഗങ്ങൾക്കുള്ള ഗോതമ്പിനു പകരം ആട്ട നൽകേണ്ടിവന്നത്. ബി.പി.എല്. വിഭാഗങ്ങൾക്ക് റേഷൻ സാധനങ്ങൾ നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. മിനിമം വേതനം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. റേഷൻ വ്യാപാരം കാലോചിതമായി പരിഷ്കരിക്കുന്നതിനും വ്യാപാരികൾ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് അനുഭാവപൂർവ്വം പരിഗണിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(2) **കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

ശ്രീ. എം.പി. വിൻസെന്റ് : കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥിരം ഡയറക്ടറെ നിയമിക്കാനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭൂമി സെന്റർ ഫോർ മാത്തമാറ്റിക്സ് എന്ന സ്ഥാപനത്തിന് വിട്ടുകൊടുത്തത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനിടയിൽ സ്ഥാപനത്തിലെ ചില ശാസ്ത്രജ്ഞർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച കേസിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മുതിർന്ന ശാസ്ത്രജ്ഞർക്കുകൂടി അപേക്ഷിക്കത്തക്ക രീതിയിൽ യോഗ്യതയിൽ നാമമാത്രമായ ഇളവുകൾ വരുത്തി പുനർപരസ്യം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. വനം വകുപ്പിൽനിന്നും ഡയറക്ടറായി നിയമിച്ച ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത സാഹചര്യത്തിൽ പുനർനിയമനം നടത്തണമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. കെ.എഫ്.ആർ.ഐ.-ൽ ഏറ്റവും വേഗത്തിൽ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(3) **ആദിവാസികൾക്ക് ഭൂമി**

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിലെ

അതിരപ്പിള്ളി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട വിവിധ പ്രദേശങ്ങളിലെ ഭൂരഹിതരായ ആദിവാസികൾക്ക് വീട് വയ്ക്കുന്നതിനും കൃഷിക്കും ആവശ്യമായ ഭൂമി വിതരണം ചെയ്യുന്നതിന് വനം-റവന്യൂ-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് അടിയന്തര നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനുകീഴിൽ വരുന്ന വാച്ചുമരം പട്ടികവർഗ്ഗ സങ്കേതത്തിലെ 43 കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് 1980-ലെ വനസംരക്ഷണ നിയമപ്രകാരം നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചാലക്കുടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തിരം സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 2006-ലെ വനാവകാശ നിയമപ്രകാരം 12.192 ഏക്കർ ഭൂമിക്ക് വനാവകാശ രേഖ നൽകുകയും ചെയ്തിട്ടുണ്ട്. അതിരപ്പിള്ളി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിൽപ്പെട്ട പട്ടികവർഗ്ഗ സങ്കേതത്തിലെ കുടുംബങ്ങൾക്കും വനാവകാശ നിയമ പ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വനം-റവന്യൂ-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിമാരുടെയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുകൂട്ടി വേഗത്തിൽ തീരുമാനമെടുക്കാനുള്ള നിർദ്ദേശം നൽകുന്നതാണ്.

(4) **സി. ആർ. ഇസഡ്. ദൂരപരിധി**

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എസ്. ശർമ്മ, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. കെ. ദാസൻ: 1991-ലെ തീരദേശ പരിപാലന ചട്ടങ്ങളിൽ ഭേദഗതി വരുത്തി സി.ആർ.ഇസഡ്. ദൂരപരിധി ക്രമീകരിച്ച് മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണം യാഥാർത്ഥ്യമാക്കാനും പുതിയതായി രൂപീകരിച്ച നഗരസഭകളെ സി.ആർ.ഇസഡ്.-ന്റെ ഇളവുകളുള്ള സോണിൽ ഉൾപ്പെടുത്താനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പരിസ്ഥിതി സംരക്ഷണത്തോടൊപ്പം പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾകൂടി നിയമങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. ഇതുസംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. പുതിയ തീരദേശ പരിപാലന പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിർദ്ദേശം സമർപ്പിക്കുന്നതിനുമുമ്പായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി പ്രായോഗിക നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്തവിധത്തിൽ പദ്ധതി നടപ്പിലാക്കാൻ പരമാവധി ശ്രമിക്കുന്നതാണ്.

### (5) **ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് സ്ഥലം**

ശ്രീ. പി. സി. വിഷ്ണുനാഥ്: മാവേലിക്കര തഴക്കരയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി കൃഷി

വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറാൻ നടപടിയുണ്ടാകണം.

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രാഥമിക ചർച്ചയിൽ സ്ഥലം എം.എൽ.എ.-യെ പങ്കെടുപ്പിക്കാനും പ്രശ്ന പരിഹാരമുണ്ടാക്കാനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആലപ്പുഴ ജില്ലയിലെ മാവേലിക്കര തഴക്കര ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്ന ജോലികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രസ്തുത സ്ഥലം കൈമാറിയാൽ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായ സാഹചര്യത്തിൽ സ്ഥലം എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ ഉൾപ്പെടുത്തി യോഗം വിളിച്ചുകൂട്ടി പ്രശ്ന പരിഹാരത്തിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന് ചെലവില്ലാതെ ഒരു മെഡിക്കൽ കോളേജ് വരികയെന്നത് പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്. സംസ്ഥാന തലത്തിൽ സാധ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതും കൃഷി വകുപ്പ്, ജില്ലാ പഞ്ചായത്ത് എന്നിവരുടെ ആശങ്കകൂടി കണക്കിലെടുത്ത് തീരുമാനമെടുക്കുന്നതുമായിരിക്കും.

## (6) വെടിവച്ച് പരിക്കേൽപ്പിച്ച സംഭവം

<u>ശ്രീ. വി. ശിവൻകുട്ടി:</u> തിരുവനന്തപുരം ജില്ലയിലെ വലിയവിളയിൽ റിട്ട. കേണൽ റിവോൾവർ ഉപയോഗിച്ച് രണ്ട് ആളുകളെ മാരകമായി വെടിവച്ച് പരിക്കേൽപ്പിച്ചത് സംബന്ധിച്ച് പുനരന്വേഷണം നടത്താനും ആവശ്യമായ വകുപ്പുകൾചേർത്ത് കേസ് ചാർജ് ചെയ്യാനും ഗുരുതരമായി പരിക്കേറ്റവർക്ക് സർക്കാർ ധനസഹായം നൽകാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. മുരളീധരന്</u>: വിഷയത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായി യോജിക്കുന്നു. പോലീസ് സ്ഥലത്തെത്തി ഉടനടി നടപടികൾ സ്വീകരിച്ചു. പോലീസ് നാട്ടുകാരെ ദ്രോഹിച്ചുവെന്ന് പറയുന്നത് ശരിയല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. രമേശ് ചെന്നിത്തല)</u>: 29-1-2014 രാത്രി 8.30-ഓടുകൂടി പൂജപ്പുര പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വലിയവിള മൈത്രി നഗറിൽ താമസിക്കുന്ന റിട്ടയേർഡ് കേണൽ വലിയവിളയിൽനിന്നും മൈത്രി നഗറിലേയ്ക്ക് തിരിയുന്ന ഭാഗത്ത് കാർ കടന്നുപോകുന്നതിനായി അവിടെ പാർക്ക് ചെയ്തിരുന്ന ഓട്ടോറിക്ഷാ മാറ്റണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് ഓട്ടോറിക്ഷാ ഡ്രൈവറുമായി വാക്ക് തർക്കം ഉണ്ടാകുകയും നാട്ടുകാർ ഇടപെട്ട് പ്രശ്നം ഒത്തുതീർപ്പാക്കുകയും ചെയ്തു. സംഭവത്തിനുശേഷം രാത്രി 9 മണിയോടുകൂടി കേണൽ ജംഗ്ഷനിൽ തിരിച്ചെത്തി നാട്ടുകാരുമായി പ്രകോപനപരമായി സംസാരിക്കുന്നതിനിടയിൽ ഉന്തുംതള്ളുമുണ്ടാവുകയും അതിനെത്തുടർന്ന് പിസ്റ്റൾ ഉപയോഗിച്ച്

വെടിവെയ്ക്കുകയും സി.പി.ഐ(എം.) കുണ്ടമൺ ബ്രാഞ്ച് സെക്രട്ടറിയുൾപ്പെടെ രണ്ട് പേർക്ക് വെടിയേൽക്കുകയും ചെയ്തു. പരിക്കേറ്റവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ച് ശസ്ത്രക്രിയയിലൂടെ വെടിയുണ്ട പുറത്തെടുക്കുകയും നാട്ടുകാരുടെ ആക്രമണത്തിൽ പരിക്കേറ്റ കേണലിനെ പോലീസ് കസ്റ്റഡിയിലെടുത്ത് ജനറൽ ആശുപത്രിയിൽ ചികിത്സയ്ക്ക് വിധേയമാക്കുകയും ചെയ്തു. നാട്ടുകാരനായ ഒരാളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ കേണലിനെതിരെ പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് റിമാൻഡ് ചെയ്യുകയും കേണൽ വാദിയായി കണ്ടാലറിയാവുന്ന ഓട്ടോഡ്രൈവർ ഉൾപ്പെടെ എട്ട് പേർക്കെതിരെ മറ്റൊരു കേസ്സും പൂജപ്പുര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പ്രതിഷേധിച്ച് കേണലിന്റെ വീട്ടിനുമുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചവരിൽ ചിലർ കേണലിന്റെ വിട്ടിലേക്ക് കല്ലെറിഞ്ഞെന്ന പരാതിയിന്മേൽ പൂജപ്പുര പോലീസ് സ്റ്റേഷനിൽ ഒരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേണലിന്റെ പക്കലുള്ള തോക്കിന്റെ ലൈസൻസ് ദുരുപയോഗം ചെയ്തതിനാൽ ലൈസൻസ് റദ്ദ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) <u>കൊലപാതകത്തിലെ പ്രതികളുടെ അറസ്റ്റ്</u>

<u>ശ്രീ കെ.വി. വിജയദാസ്</u>: കോങ്ങാട് മണ്ഡലത്തിലെ കല്ലാംകുഴി ഇരട്ടക്കൊലപാതകത്തിലെ പ്രതികളെ നിയമത്തിനു മുന്നിൽ

കൊണ്ടുവരുന്നതിനും പോലീസിന്റെ നിഷ്ക്രിയത്വം അവസാനിപ്പിക്കുന്നതിനും ക്രിമിനലുകളെ സംരക്ഷിക്കുന്ന സമീപനം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 20-11-13 തീയതി രാത്രി 9 മണിയോടുകൂടി മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ പരിധിയിലെ കല്ലാംകുഴി എന്ന സ്ഥലത്തുവച്ച് ഡി.വൈ.എഫ്.ഐ. അനുഭാവികളായ മൂന്ന് സഹോദരന്മാരെ സുന്നി (ഇ.കെ) വിഭാഗക്കാരായ 22 പേരും കണ്ടാലറിയാവുന്ന 8 പേരും മാരകായുധങ്ങളുമായി സംഘം ചേർന്ന് ആക്രമിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. രണ്ട് പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിലും മറ്റൊരാളെ പെരിന്തൽമണ്ണ ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആക്രമത്തിനുവിധേയമായ ഒരാളുടെ മൊഴിപ്രകാരം മണ്ണാർക്കാട് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും രണ്ട് പേരുടെ മരണവിവരം സ്ഥിരീകരിച്ചതിനെത്തുടർന്ന് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302-ആം വകുപ്പുംകൂട്ടിചേർത്ത് കോടതിക്ക് റിപ്പോർട്ട് നൽകുകയും ഷൊർണ്ണൂർ ഡി.വൈ.എസ്.പി. കേസ് ഏറ്റെടുത്ത് അന്വേഷണം നടത്തിവരികയുമാണ്. 17 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിലാണ്. മൂന്ന് പേർ അറസ്റ്റ് ഭയന്ന് ഒളിവിലാണ്. പോലീസിന്റെ ഭാഗത്തു നിന്നും അനാസ്ഥയുണ്ടായിട്ടില്ല. അറസ്റ്റ് ചെയ്യാനുള്ള മൂന്ന് പ്രതികളെക്കുറിച്ച്

ഊർജ്ജിതമായി അന്വേഷിക്കുകയാണ്. റിമാൻഡ് ചെയ്ത പ്രതികൾക്കെതിരെ നിയമപരമായ നടപടികളുമായി പോലീസ് മുന്നോട്ടുപോകുന്നു,.

(8) <u>നീലേശ്വരം ചിറപ്പുറത്തെ സംഭവം</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂര്)</u>: നീലേശ്വരം ചിറപ്പുറത്ത് പോലീസ് വിരട്ടിയോടിച്ചതിനെത്തുടർന്ന് കിണറ്റിൽ വീണ് മരിച്ച ശശിധരന്റെ കുടുംബത്തിന് ധനസഹായം നൽകുന്നതിനും അപമര്യാദയോടേയും മനുഷ്യത്വരഹിതമായും പെരുമാറുന്ന എസ്.ഐ.യെ മാതൃകാപരമായി ശിക്ഷിക്കാനും നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): നീലേശ്വരം ചിറപ്പുറത്ത് 30.1.2014-ന് രാത്രി പരസ്യമായി മദ്യപിച്ചുകൊണ്ടിരുന്നവരിൽ രണ്ടുപേർ പട്രോളിംഗിന് വന്ന പോലീസിന്റെ വാഹനം കണ്ട് ഓടിപ്പോകുകയും ഒരാൾ അവശനായി അവിടെത്തന്നെ കിടക്കുകയും ചെയ്തു. ആരോ കിണറ്റിൽ വീണെന്ന് നാട്ടുകാരിൽ നിന്നറിഞ്ഞ പോലീസ് നേരത്തേ തങ്ങളെ കണ്ട് ഓടിപ്പോയവരാണ് കിണറ്റിൽ വീണതെന്ന് മനസ്സിലാക്കുകയും ഫയർ ഫോഴ്സിന്റെ സഹായത്തോടെ ഇവരെ പുറത്തെടുത്ത് ആശുപത്രിയിൽ എത്തിക്കുകയും ചെയ്തുവെങ്കിലും അതിൽ ഒരാൾ മരണപ്പെട്ടു. പോലീസ് വിരട്ടിയോടിച്ചതിനാലാണ് മരണം

സംഭവിച്ചതെന്നാരോപിച്ച് സി.പി.എം. പ്രവർത്തകർ നീലേശ്വരം പോലീസ് സ്റ്റേഷൻ ഉപരോധിക്കുകയുണ്ടായി. ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി കണ്ടെത്തിയതിനെത്തുടർന്ന് നീലേശ്വരം സബ് ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്യുകയും നീലേശ്വരം സർക്കിൾ ഇൻസ്പെക്ടർ പ്രസ്തുത കേസ് അന്വേഷിച്ച് വരികയുമാണ്.

(9) <u>വാഹനങ്ങൾ തീവെച്ച് നശിപ്പിക്കൽ</u>

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: പേരാമ്പ്ര മണ്ഡലത്തിലെ മേപ്പയ്യൂരിലുള്ള സലഫിയ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങളും വടക്കുംപാട് ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളും തീവെച്ച് നശിപ്പിച്ച പ്രതികളെ കണ്ടുപിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): കോഴിക്കോട് ജില്ലയിൽ മേപ്പയ്യൂരിലുള്ള സലഫിയ്യ കോളേജ് കാമ്പസിൽ പാർക്ക് ചെയ്തിരുന്ന വാഹനങ്ങൾ കത്തി നശിച്ച സംഭവത്തിൽ സലഫിയ്യ കോളേജ് സെക്രട്ടറിയുടെ പരാതി പ്രകാരം മേപ്പയ്യൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. സമരങ്ങളും ഭീഷണികളും ഉള്ളതിനാൽ ഹൈക്കോടതിയിൽ നിന്നും സലഫിയ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രൊട്ടക്ഷൻ ഉത്തരവ് നേടിയിട്ടുണ്ട്. പേരാമ്പ്ര വടക്കുംപാട് ഗവൺമെന്റ് എല്.പി. സ്കൂൾ കെട്ടിടത്തിൽ ഉണ്ടായ തീവെയ്പ്പുമായി ബന്ധപ്പെട്ട് പേരാമ്പ്ര പോലീസ്

സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നു. വടക്കുംപാട് ഹയർ സെക്കന്ററി സ്കൂളിലെ തീവെയ്പുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചുവെങ്കിലും വ്യക്തമായ തെളിവ് ലഭിച്ചിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(10) **സി.എച്ച്.സി.-യിൽ ജീവനക്കാരെ നിയമിക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജകമണ്ഡലത്തിലെ അരൂകുറ്റി, തൈക്കാട്ടുശ്ശേരി സി.എച്ച്.സി.-യിൽ ജീവനക്കാരെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): ഐ.പി. കെട്ടിടവും ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സും നിർമ്മിച്ചാലേ സി.എച്ച്.സി. നിലവാരത്തിലുള്ള കിടത്തി ചികിത്സ പൂർണ്ണമായ തോതിൽ നൽകാനാകൂ. അരൂകുറ്റി സി.എച്ച്.സി.-യിൽ കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. തൈക്കാട്ടുശ്ശേരി സി.എച്ച്.സി.-യിൽ അധിക തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(11) **അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകൽ**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: അദ്ധ്യാപക പാക്കേജിന് മുമ്പ് നിയമിതരായ അദ്ധ്യാപകർക്ക് നിയമനാംഗീകാരവും പാക്കേജിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങളും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): 2006-ലെ നിയമന നിരോധനംമൂലം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും അധിക തസ്തികയിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടേയും തസ്തിക നഷ്ടം വന്ന് പുറത്തായ അദ്ധ്യാപകരുടേയും പ്രശ്നങ്ങൾ പരിഹരിച്ച് ശമ്പളവും ജോലിയും പുന:സ്ഥാപിക്കുന്നതിനായി കൊണ്ടുവന്ന അദ്ധ്യാപക പാക്കേജിൽ റിട്ടയർമെന്റ്, രാജി, മരണം, സ്ഥാനക്കയറ്റം എന്നിവകാരണം ഉണ്ടാകുന്ന ഒഴിവുകളിൽ 1-6-2011 മുതൽ നിയമിതരായവർക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയത്തിൽ തസ്തികകൾ ലഭ്യമാണെന്ന് കാണുന്നപക്ഷം 2013--14 അക്കാദമിക് വർഷത്തിൽ നിയമനാംഗീകാരം നൽകുന്നതിന് തടസ്സങ്ങളില്ല. തസ്തിക നിർണ്ണയ ഉത്തരവിലുള്ള കോടതിയുടെ താൽക്കാലിക വിലക്ക് നീക്കിയാലുടൻ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതാണ്.

## (12) സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ലൂഡി ലൂയിസ്: സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക പീഡനത്തിനും ബുദ്ധിമുട്ടുകൾക്കും അവഗണനയ്ക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): ഒരു അക്കാദമിക് വർഷത്തിൽ രണ്ട് പ്രാവശ്യം ജില്ലാതല സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി യോഗം കൂടണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അപമര്യാദയായി പെരുമാറുന്ന ബസ് ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവഭപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപന മേധാവി വഴി ബന്ധപ്പെട്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് പരാതി നൽകാവുന്നതാണ്. മോട്ടോർ വാഹന വകുപ്പിൽ കിട്ടുന്ന പരാതികൾക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## (13) കെ. എസ്. ആർ. ടി. സി.-യുടെ പെൻഷൻ ബാധ്യത

ശ്രീ. കെ. അജിത്: കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്): കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്തുന്നതിനും പെൻഷൻ പാക്കേജ്

നിർണ്ണയിക്കുന്നതിനും സാധിച്ചിട്ടില്ലാത്തതിനാൽ കോർപ്പറേഷൻ സ്വന്തം വരുമാനത്തിൽനിന്നാണ് പെൻഷൻ നൽകിവന്നിരുന്നത്. പെൻഷൻ ബാദ്ധ്യതയും വായ്പകളിന്മേലുള്ള പലിശ ബാദ്ധ്യതയും വർദ്ധിച്ചുവരുകയും കൂടുതൽ വായ്പകൾ എടുക്കാൻ സാധിക്കാതാകുകയും ചെയ്ത സാഹചര്യത്തിൽ എല്.ഐ.സി.-യുമായി ബന്ധപ്പെട്ട് കെ.എസ്.ആര്.ടി.സി. ജീവനക്കാർക്കായി ഒരു പെൻഷൻ പാക്കേജ് രൂപീകരിക്കുന്നതിനും പ്രസ്തുത പാക്കേജിന്റെ ആരംഭഘട്ടത്തിൽ എല്.ഐ.സി.-ക്ക് നൽകേണ്ടിവരുന്നതായ തുക ഗവൺമെന്റിൽനിന്നും ലഭ്യമാക്കുന്നതിനും ശ്രമിച്ചുവരുന്നു.

## (14) ജീവനക്കാരുടെ പുനർവിന്യാസം

ശ്രീ. കെ. സുരേഷ് കുറുപ്പ്: പൊതുമരാമത്തു വകുപ്പു ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിപ്പിച്ച സർക്കാർ തീരുമാനം നടപ്പിലാക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീര്): അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പ്, ജലസേചന വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓപ്ഷൻ സ്വീകരിച്ച് താൽപ്പര്യമുള്ളവരെ തദ്ദേശസ്വയംഭരണ

വകുപ്പിൽ നിയമിക്കണമെന്നായിരുന്നു തീരുമാനം. മതിയായ ജീവനക്കാർ ഓപ്ഷൻ നൽകാത്തതിനാൽ അതത് വിഭാഗത്തിൽനിന്നും ജൂനിയർ ആയിട്ടുള്ള കുറച്ചുപേരെ നിർബന്ധപൂർവ്വം മൂന്നുവർഷത്തേക്ക് വിന്യസിച്ചിരുന്നു. മൂന്നുവർഷം തികഞ്ഞതിനുശേഷം മാതൃവകുപ്പിലേയ്ക്ക് തിരികെ പോകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത കേസ്സുകളിൽ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി വിന്യസിക്കപ്പെട്ടവരും മൂന്നുവർഷം തികഞ്ഞവരുമായ ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് ഉത്തരവായി. ഇപ്പോൾ പ്ലാൻ പ്രോജക്ടുകൾ നടന്നുകൊണ്ടിരിക്കുന്ന സമയമായതിനാൽ ഡിപ്ലോയ്മെന്റ് മുഖേന വന്നവർ തിരികെ മാതൃവകുപ്പിലേയ്ക്ക് പോകുന്നത് 31-3-2014 വരെ ദീർഘിപ്പിച്ച് ഉത്തവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(15) **തിരുവനന്തപുരം നഗരത്തിന്റെ കരട് മാസ്റ്റർപ്ലാൻ**

ശ്രീ. എം. എ. വാഹീദ്: ഭൗതികമായ പരിശോധന നടത്താതെ തയ്യാറാക്കിയ തിരുവന്തപുരം ജില്ലയുടെ കരട് മാസ്റ്റർപ്ലാനും ഈ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള നടപടിയും റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

തലസ്ഥാന നഗരത്തിന് സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ വേണമെന്ന മുനിസിപ്പൽ കോർപ്പറേഷന്റെ ആവശ്യത്തെത്തുടർന്ന് നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കിയ കരട് മാസ്റ്റർപ്ലാൻ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാനിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്നതിനോ കുടിയൊഴിപ്പിക്കുന്നതിനോ ഒരു നടപടിയും സർക്കാരോ കോർപ്പറേഷനോ സ്വീകരിച്ചിട്ടില്ല. തിരുവനന്തപുരം നഗരസഭയോടു കൂട്ടിച്ചേർത്ത പഞ്ചായത്തുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രയാസം ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച പരാതികൾ പരിഹരിക്കുന്നതാണ്. നഗര-ഗ്രാമാസൂത്രണ ഓർഡിനൻസ് പൊതുജനത്തിന് പ്രയാസമുണ്ടാക്കുമെന്ന് കാണുന്നപക്ഷം നിയമഭേദഗതി വരുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

## (16) <u>**ചാക്കമാർ സമുദായം**</u>

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> ചാക്കമാർ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാർ</u>): കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ 1990-ൽ ചാക്കമാർ സുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ശുപാർശ കേന്ദ്രഗവൺമെന്റ് നിരസിക്കുകയാണ് ചെയ്തത്. ഓൾ കേരള ചാക്കമാർ മഹാസഭ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിർത്താഡ്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### (17) **മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാലാവസ്ഥാ വ്യതിയാനവും മത്സ്യലഭ്യതക്കുറവുംമൂലം കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് എല്ലാ മാസവും സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുമ്പോഴല്ലാതെ മത്സ്യത്തൊഴിലാളി കൾക്ക് എല്ലാ മാസങ്ങളിലും സൗജന്യ റേഷൻ കൊടുക്കുന്ന സമ്പ്രദായം കേരളത്തിലില്ല. അതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കുന്നതാണ്.

### (18) **പെരപ്പയം പാലം**

ശ്രീ. മുല്ലക്കര രത്നാകരൻ: ചടയമംഗലം മണ്ഡലത്തിലെ ഇത്തിക്കര യാറിന് കുറുകെയുള്ള പെരപ്പയം പാലത്തിന്റെ പണി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പെരപ്പയം പാലത്തിന് 2008-ൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്-13-ൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിരുന്നുവെങ്കിലും ഭൂമി ലഭ്യമല്ലാതിരുന്നതിനാൽ പൂർത്തിയാക്കാൻ സാധിച്ചില്ല. ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായതിനാൽ പാലം പണിക്ക് നബാർഡിന്റെ സഹായം തേടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(19) **സെൻസറിംഗ് ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത**

ശ്രീ. റോഷി അഗസ്റ്റിൻ : ടി.വി. സീരിയലുകൾക്കും റിയാലിറ്റി ഷോകൾക്കും സെൻസറിംഗ് ഏർപ്പെടു ത്തുന്നതിന് നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): ടി.വി.ചാനലുകളിലെ സീരിയലുകൾക്കും റിയാലിറ്റിഷോകൾക്കും നിയന്ത്രണമേർപ്പെടുത്തേണ്ടത് കേന്ദ്ര വാർത്താ വിതരണ മന്ത്രാലയമാണ്. 1995-ലെ കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അഡ്വർട്ടൈസ്മെന്റ് കോഡ്, പ്രോഗ്രാം കോഡ് എന്നിവയ്ക്ക് വിരുദ്ധമായ പരിപാടികൾ സംപ്രേഷണം ചെയ്താൽ ആയത് പിടിച്ചെടുക്കാനുള്ള അധികാരം ഓതറൈസ്ഡ് ഓഫീസറായ ജില്ലാ മജിസ്ട്രേറ്റിൽ നിക്ഷിപ്തമാണ്. ഇതിനായി നിയോഗിക്കപ്പെട്ട സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ കേന്ദ്ര കമ്മിറ്റിക്ക്

അയയ്ക്കുകയാണ് ചെയ്യുന്നത്.

(20) **ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

ശ്രീ. കെ. വി. അബ്ദുൾഖാദർ: ഗൾഫിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് സംവിധാനമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): മരണമടയുന്ന പ്രവാസികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള വാർഷിക വരുമാനപരിധിയും നഷ്ടപരിഹാരത്തുകയും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സാന്ത്വന പദ്ധതിയിൽപ്പെടുത്തി ഒരുകോടിയിൽപ്പരം രൂപ വിതരണം ചെയ്തുകഴിഞ്ഞു. വിദേശത്ത് വച്ച് മരണമടഞ്ഞാൽ കാരുണ്യം പദ്ധതിയിൽപ്പെടുത്തി 50000 രൂപ നൽകുന്നുണ്ട്. മരണമടഞ്ഞ പ്രവാസികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതികളെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

**നിയമനിർമ്മാണകാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.

മാണി): 2014-ലെ കേരള ധനവിനിയോഗ ബില്ലും 2014-ലെ കേരള ധനവിനിയോഗ (2 മുതൽ 13 വരെയുള്ള) ധനവിനിയോഗ ബില്ലുകളും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. എം. മാണി: 2014-ലെ കേരള ധനവിനിയോഗ ബില്ലും 2014-ലെ കേരള ധനവിനിയോഗ (2 മുതൽ 13 വരെയുള്ള) ധനവിനിയോഗ ബില്ലുകളും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു. ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

ശ്രീ. ബി. സത്യന്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിലക്കയറ്റവും പണപ്പെരുപ്പവും അഴിമതിയും വർദ്ധിക്കുകയും സംസ്ഥാനത്തെ നിർമ്മാണ പ്രവൃത്തികളും വികസന പ്രവർത്തനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നിലയ്ക്കുകയും ചെയ്തു. ക്ഷേമ പെൻഷനുകൾ പ്രഖ്യാപിക്കുന്നതല്ലാതെ വിതരണം ചെയ്യുന്നില്ല. കഴിഞ്ഞ വർഷത്തെ ധനവിനിയോഗത്തിൽ ഏകീകരണവും നിയന്ത്രണവും കൊണ്ടുവരാൻ

കഴിഞ്ഞില്ലെന്നു മാത്രമല്ല, റവന്യൂ വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ സാരമായ കുറവുണ്ടാകുകയും ചെയ്തു. സംസ്ഥാനത്ത് ജനക്ഷേമ പ്രവർത്തനങ്ങൾ നിലച്ച അവസ്ഥയിലാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നില്ല എന്നുള്ളത് ഖേദകരമാണ്.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടിക്രമങ്ങൾ ലളിതമാക്കുകയും ഫണ്ട് ചെലവഴിക്കുന്നതിലെ കാലതാമസം ഒഴിവാക്കുകയും വേണം. റോഡ് വികസനത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭ്യമാകുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിക്കണം. രാഷ്ട്രീയ സമവായം ഉണ്ടാക്കി സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾ ക്രിയാത്മകമാക്കണം. കൊച്ചി മെട്രോക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന സ്ഥിതി വിശേഷത്തിന് മാറ്റം വരുത്തണം. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പി ക്കണം. ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. വി. ശശി:</u> ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ബഡ്ജറ്റിന് അർഹിക്കുന്ന ഗൗരവം സർക്കാർ നൽകിയിട്ടില്ല എന്നുള്ളത് ഖേദകരമാണ്. സംയോജിത മത്സ്യഗ്രാമം, മാതൃകാ മത്സ്യഗ്രാമം തുടങ്ങിയ പദ്ധതികൾക്കുവേണ്ടി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചതിനാൽ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനമൊന്നും ലഭിക്കാത്ത അവസ്ഥയാണുള്ളത്. മത്സ്യഗ്രാമമായ അഞ്ചുതെങ്ങിനെ പദ്ധതിയിൽ ഉൾപ്പെടുത്തുകയും മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ആര്.ഐ.ഡി.എഫ്. പദ്ധതിപ്രകാരം ലഭിച്ച തുക ചെലവഴിക്കണം. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം. സ്വയംപര്യാപ്ത ഗ്രാമങ്ങളുടെ നടത്തിപ്പിന് എഫ്.ഐ.റ്റി.-യെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കണം. പട്ടികവിഭാഗങ്ങൾക്കായി സ്പോർട്സ് കോളേജ് ആരംഭിക്കുകയും വെള്ളായണി അയ്യങ്കാളി സ്മാരക സ്പോർട്സ് ഹൈസ്കൂളിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യമേർപ്പെടുത്തുകയും ചെയ്യണം.

<u>ശ്രീ. പി. കെ. ബഷീർ</u> : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ സർക്കാരിൽനിന്നും വിഭിന്നമായി ഡെവലപ്മെന്റ് എക്സ്പെൻസിൽ ഗണ്യമായ വർദ്ധനവരുത്താനും നോൺ ഡെവലപ്മെന്റ് എക്സ്പെൻസിൽ

കുറവ് വരുത്തുവാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം ലഭിക്കുന്ന രോഗികൾക്ക് മരുന്ന് നൽകുകയും കാരുണ്യ കാർഡ് സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടപ്പാക്കുകയും ചെയ്യണം. മംഗല്യനിധി പദ്ധതി നടപ്പാക്കുകയും ഇത് സംബന്ധിച്ച മാനദണ്ഡങ്ങളിൽ വ്യക്തത വരുത്തുകയും ചെയ്യണം. ക്ഷേമ പെൻഷനുകൾ ആനുപാതികമായി വർദ്ധിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കുകയും അംഗങ്ങളുടെ പി.എ.-മാരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കു കയും വേണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. അധിക നികുതി ചുമത്തുന്നതിന് പകരം നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് സർക്കാർ ശ്രമിക്കണം. പെർഫോമൻസ് അടിസ്ഥാനമാക്കി സർക്കാർ ജീവനക്കാരുടെ പ്രൊമോഷൻ നിശ്ചയിക്കണം. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശങ്ങളൊന്നും കാണുന്നില്ല. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും ജനജീവിതം താറുമാറാക്കിയിരിക്കുന്നു. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാത്തതിനാൽ വികസന പ്രവർത്തനങ്ങളാകെ മുടങ്ങിയിരിക്കുകയാണ്. ഇടമലയാർ ജലസേചനപദ്ധതിയും കുടിവെള്ള

പദ്ധതിയും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം സർക്കാർ ഏറ്റെടുക്കുകയും മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിന് തുക വകയിരുത്തുകയും ചെയ്യണം. ഭൂമിയുടെ ഫെയർവാല്യൂ ഫിക്സ് ചെയ്യുന്നതിലുള്ള അപാകത പരിഹരിക്കാത്തത് നിർമ്മാണ മേഖലയിൽ വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. റവന്യൂ വരുമാനത്തിലുണ്ടായ കുറവും നാണ്യപ്പെരുപ്പവുംമൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ മറികടന്നുകൊണ്ട് മികച്ച ധനകാര്യമാനേജ്മെന്റിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കാർഷിക മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്താനും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാൻസർരോഗ ചികിത്സയ്ക്കായി കാരുണ്യ പദ്ധതി നടപ്പാക്കിയതും ദുർബ്ബല ജനവിഭാഗങ്ങൾക്കായി ക്ഷേമപദ്ധതികൾ പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. ബെന്നി ബെഹനാന്: ഉപധനാഭ്യർത്ഥനകളെയും ധനവിനിയോഗ ബില്ലിനെയും അനുകൂലിക്കുന്നു. ബഡ്ജറ്റിലൂടെയും നയപ്രഖ്യാപനത്തിലൂടെയും ജനോപകാരപ്രദമായ നിർദ്ദേശങ്ങൾ വന്നത് അഭിനന്ദനാർഹമാണ്. കർഷകർക്ക് പദ്ധതികൾ ആവിഷ്കരിച്ചതും ബഡ്ജറ്റ് പ്രൊവിഷന്റെ ഒരു

ശതമാനം പുതിയ സംരംഭകർക്കായി മാറ്റിവച്ചതും ഓട്ടിസം ബാധിച്ച കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതും സ്വാഗതാർഹമാണ്. കരുതലും വികസനവുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ജനകീയ പ്രശ്നങ്ങൾ മനസ്സിലാക്കാതെ പ്രതിപക്ഷം ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നത് പ്രതിഷേധാർഹമാണ്.

ശ്രീ. റ്റി. വി. രാജേഷ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. വിലക്കയറ്റം, പണപ്പെരുപ്പം, നാണയമൂല്യത്തകർച്ച എന്നിവമൂലം തകർന്ന ഒരു സമ്പദ് വ്യവസ്ഥയിൽ ഇനിയും ജനങ്ങളുടെമേൽ അധികനികുതി അടിച്ചേൽപ്പിക്കുന്നത് ആത്മഹത്യാപരമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സഭയിൽ നടന്ന ചർച്ചയിൽ സാമൂഹ്യ ക്ഷേമ പെൻഷനുകൾ നൽകിയില്ലെന്ന് ഉയർന്നുവന്നിട്ടുള്ള വാദം അടിസ്ഥാനരഹിതമാണ്. കർഷകത്തൊഴിലാളി പെൻഷന്റെ 2013 നവംബർ മാസം വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തു. ഡിസംബർ മാസം മുതലുള്ള തുക ഉടനെ നൽകുന്നതാണ്. അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ 2013 ഡിസംബർ വരെയുള്ളത് നൽകി. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അനുവദിക്കാൻ 300 കോടി രൂപ എസ്.ഡി.ജി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാൻസര്, ഡയാലിസിസ് രോഗികൾക്ക് തുടർ

ചികിത്സയ്ക്ക് കാരുണ്യ പദ്ധതിയിൽനിന്നും തുക അനുവദിക്കുന്ന കാര്യവും മറ്റ് പെൻഷനുകൾ ലഭിക്കാത്ത മുൻപഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകണമെന്ന നിർദ്ദേശവും അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്. യാതൊരു ശുപാർശയുമില്ലാതെ മംഗല്യനിധിയിൽനിന്ന് വിവാഹ ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകി. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം 54-നെതിരെ 69 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2014-ലെ കേരള ധനവിനിയോഗ (രണ്ടാം നമ്പർ) ബിൽ

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. കെ.എം. മാണി) : 2014-ലെ കേരള ധനവിനിയോഗ (രണ്ടാം നമ്പര്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. കെ. എം. മാണി) : ധന ഉത്തരവാദിത്ത നിയമത്തിലെ നിബന്ധനകൾ പാലിക്കുവാൻ 2014-15-ൽ റവന്യൂ കമ്മി "0" ആക്കേണ്ടതായിരുന്നു. എന്നാൽ റവന്യൂ ചെലവ് വെട്ടിക്കുറച്ച് ഈ നിബന്ധന പാലിക്കാൻ സർക്കാരിന് കഴിയില്ല. ഇതിനാൽ 2014-15-ൽ റവന്യൂ കമ്മി ജി.എസ്.ഡി.പി.-യുടെ 1.54 ശതമാനമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 2014-15-ലെ ധനകമ്മി ജി.എസ്.ഡി.പി.-യുടെ 3.10 ശതമാനമായി നിജപ്പെടുത്തുവാൻ സാധിച്ചു. സംസ്ഥാനത്തിന്റെ ആകെ കടം പതിമൂന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചതിലും കുറഞ്ഞ തോതായ 28.29 ശതമാനമായി നിലനിർത്താൻ 2014-15-ൽ കഴിഞ്ഞു. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ഈ

വർഷം പ്രതീക്ഷിച്ച തോതിലുള്ള റവന്യൂ വളർച്ച കൈവരിക്കാൻ സാധിച്ചില്ലെങ്കിലും സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കും മറ്റുകാര്യങ്ങൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പദ്ധതികൾക്കും തടസ്സമില്ലാതെ ഫണ്ട് ലഭ്യമാക്കി മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞു.

ഡോ. ടി.എം. തോമസ് ഐസക് : ബഡ്ജറ്റ് പ്രകാരം അടുത്തവർഷവും തുടർന്നുള്ള വർഷവും റവന്യു കമ്മി "0" ആയിരിക്കണം. എന്നാൽ അത് അങ്ങനെയാകില്ലെന്നാണ് മീഡിയം ടേം ഫിസ്കൽ പോളിസി സ്റ്റേറ്റ്മെന്റ് വ്യക്തമാക്കുന്നത്. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ട് ഇന്നത്തെ സാഹചര്യത്തിൽ കഴിയില്ലെന്ന് മന്ത്രി പ്രസ്താവിക്കുന്നത് ശരിയല്ല.

ശ്രീ. കെ. എം. മാണി : അപ്രതീക്ഷിത സാഹചര്യങ്ങളാൽ ചില കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയില്ലെങ്കില്, അക്കാര്യം സഭയെ അറിയിക്കുകയാണ് ചെയ്തത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാനുള്ള നിയമപരമായ തുടർ നടപടികളെല്ലാം സ്വീകരിക്കുന്നതാണ്. 2014-ലെ കേരള ധനവിനിയോഗ (രണ്ടാം നമ്പര്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി

(ശ്രീ. കെ. പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (രണ്ടാം നമ്പര്) ബിൽ പാസ്സാക്കണമെന്ന പ്രമേയം 54-നെതിരെ 70 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 2014-ലെ കേരള ധനവിനിയോഗ ( മൂന്നാം നമ്പർ മുതൽ പതിമൂന്നാം നമ്പർ വരെ ) ബില്ലുകൾ

2014-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ മുതൽ പതിമൂന്നാം നമ്പർ വരെ) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : 2014-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ മുതൽ പതിമൂന്നാം നമ്പർവരെ) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള ധനവിനിയോഗ (മൂന്നാം നമ്പർ മുതൽ പതിമൂന്നാം നമ്പർ

വരെ) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

**(സബ്മിഷൻ തുടർച്ച)**

(21) **വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കൽ**

ശ്രീ. പി. സി. ജോർജ്: അട്ടപ്പാടിയിലെ ആദിവാസികളുടെ ഭൂമി വ്യാജരേഖ ചമച്ച് തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ സബ് രജിസ്ട്രാർ ഓഫീസ് മുമ്പാകെ നിലനിൽക്കുകയാണ്. കരം അടച്ച രസീതുകൾ കാണിച്ചിട്ടും ആദിവാസികളിൽനിന്ന് കരം സ്വീകരിക്കാൻ വില്ലേജ് ഓഫീസർമാർ തയ്യാറാകുന്നില്ല. അട്ടപ്പാടി പാക്കേജ് നടപ്പാക്കുന്നതിനായി നിയമിച്ച നോഡൽ ഓഫീസർ ആദിവാസികളും കർഷകരും തമ്മിൽ സംഘർഷമുണ്ടാകത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇക്കാര്യത്തിൽ ആദിവാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: പരാതികൾ പരിഹരിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റ് അട്ടപ്പാടിയിൽ ഒരു അദാലത്ത് നടത്താൻ തയ്യാറാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മണ്ണാർക്കാട് താലൂക്കിലെ ഷോളയൂർ, കോട്ടത്തറ വില്ലേജുകളിലായി വീരയ്യൽമേട് എന്ന സ്ഥലത്ത് വർണ്ണഭൂമി ഓർഗാനിക് ഫാം എന്ന പേരിൽ ബോർഡ് സ്ഥാപിച്ച്

പത്ത് ആളുകളുടെ പേരുകളിലായി 14 തീറാധാരങ്ങൾ പ്രകാരം 46.95 ഏക്കർ സ്ഥലം തീർ വാങ്ങിയതായി കണ്ടെത്തുകയും ടി. സ്ഥലങ്ങളിൽ പലതും തങ്ങളുടെ ഭൂമിയാണെന്ന് കാണിച്ച് ആദിവാസികൾ പരാതി സമർപ്പിച്ചിട്ടുള്ളതിനാൽ കെ.എസ്.ടി. ആക്റ്റ് 1999 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഒറ്റപ്പാലം സബ് കളക്ടർ വിചാരണ നടത്തിവരികയുമാണ്. ഫീൽഡ് പരിശോധനയിൽ ആദിവാസികൾ കാണിച്ച മിക്ക സ്ഥലങ്ങളും കോട്ടത്തറ വില്ലേജിലെ സർവ്വേ നമ്പറിൽപ്പെടുന്നതാണ്. ആദിവാസികളിൽ ചിലർക്ക് 1984 കാലഘട്ടത്തിൽ അടച്ച ഭൂനികുതി രസീതല്ലാതെ മറ്റ് രേഖകളൊന്നുമില്ല. വിചാരണ നടപടി പൂർത്തീകരിച്ച് കൃത്യമായ കൈവശ രേഖകൾ ഇല്ലെന്ന് കാണുന്നപക്ഷം സ്ഥലം തിരിച്ചെടുത്ത് ആദിവാസികൾക്ക് കൊടുക്കാൻ ഉത്തരവ് നൽകുന്നതാണ്. തർക്കം നിലനിൽക്കുന്നുവെങ്കിലും ആദിവാസികളുടെ കൈവശമുള്ള ഭൂമിയുടെ നികുതി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി അദാലത്ത് സംഘടിപ്പിക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാണ്.

(22) **റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം**

ശ്രീ. എം. ഉമ്മർ: റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ശേഖരിച്ച തുക നദീതീര സംരക്ഷണത്തിനും തടയണ നിർമ്മാണത്തിനും ഉപയോഗപ്പെടുത്താനും ജലസംരക്ഷണ-സംഭരണ സംവിധാനങ്ങൾ ഏർപ്പെടുത്താനും പ്രസ്തുത

ഫണ്ട് ഉപയോഗപ്പെടുത്തി മഞ്ചേരി മണ്ഡലത്തിലെ പുഴങ്കാവിൽ തടയണ നിർമ്മിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെ കീഴിൽ രൂപീകൃതമായ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത്. പ്രസ്തുത ചട്ട പ്രകാരം മണൽ വിൽപ്പനയിൽ നിന്ന് ലഭിക്കുന്ന തുകയുടെ 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്നും ഫണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്ന തുകയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയത് കഴിച്ചുള്ളത് ജില്ലാ കളക്ടർമാരുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്നും അനുശാസിക്കുന്നുണ്ട്. നദീതീര വികസന പദ്ധതിപ്രകാരം ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ച പദ്ധതികളാണ് സംസ്ഥാന ഉന്നതതല സമിതി നടപ്പിലാക്കി വരുന്നത്. വിവിധ ജില്ലകളിൽനിന്നും വരുന്ന പ്രൊപ്പോസലുകൾ അംഗീകരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(23) **താൽക്കാലിക ജീവനക്കാരുടെ ശമ്പളം**

ശ്രീ. ചിറ്റയം ഗോപകുമാർ: റവന്യൂ വകുപ്പിൽ താല്ക്കാലിക തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് ശമ്പളം സ്ഥിരമായി നിഷേധിക്കുന്ന രീതി അവസാനിപ്പി

ക്കുന്നതിനും സ്ഥിരം സ്വഭാവമുള്ള റവന്യൂ റിക്കവറി, കെട്ടിട നികുതി, ദുരന്തനിവാരണം അടക്കമുള്ള വിഭാഗത്തിൽപ്പെടുത്തിയിട്ടുള്ള താല്ക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ।

റവന്യൂവും കയറും വകുപ്പമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താല്ക്കാലീകരണ ത്തിൽപ്പെട്ട 98 പൊന്നുംവില സ്പെഷ്യൽ തഹസീൽദാർ ഓഫീസുകളും 20 റവന്യൂ റിക്കവറി ഓഫീസുകളും 9 സ്പെഷ്യൽ ഭൂമി പതിവ് ഓഫിസുകളും കളക്ടറേറ്റിലേയും ലാന്റ് റവന്യൂ കമ്മീഷണറേറ്റിലേയും ചില തസ്തികകൾ ഉൾപ്പെടെ ലാന്റ് റവന്യൂ വകുപ്പിൽ 5065 തസ്തികകൾ തുടർച്ചാനുമതി നൽകി എടുത്തവയാണ്. റവന്യൂ വകുപ്പിൽ താൽക്കാലികമായുണ്ടാകുന്ന ജോലികൾ നിർവ്വഹിക്കുന്നതിലേക്കായി താൽക്കാലിക തസ്തികകളിൽ റവന്യൂ വകുപ്പിലെ ജീവനക്കാരെയാണ് നിയോഗിക്കുന്നത്. ഇത്തരം താൽക്കാലിക ഓഫീസുകളുടെ ജോലികൾ പൂർത്തിയാകാത്തതിനാലും അധിക ജോലികൾ ഏൽപ്പിക്കുന്നതിനാലും കാലാവധി കഴിഞ്ഞും ഇവർ പ്രവർത്തിക്കേണ്ടതായി വരുന്നുണ്ട്. 1540 തസ്തികകളിൽ 31-3-2014 വരെ തുടർച്ചാനുമതി നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന താൽക്കാലിക തസ്തികകൾക്ക് 31-3-2014 വരെ തുടർച്ചാനുമതി നൽകാൻ ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ പുന:സംഘടനയുടെ ഭാഗമായി സൃഷ്ടിച്ച താൽക്കാലിക തസ്തികകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് സമഗ്രമായ പഠനം നടത്തി അധിക

തസ്തികകളെന്ന് കണ്ടെത്തിയ 295 തസ്തികകളിൽ 78 എണ്ണം സംസ്ഥാനത്ത് പുതിയതായി രൂപീകരിച്ച 12 താലൂക്കുകളിലേക്ക് പുനർവിന്യസിക്കാനും ശേഷിക്കുന്ന തസ്തികകൾ പുനർവിന്യസിക്കാനോ നിർത്തലാക്കാനോ ഉള്ള നിർദ്ദേശവുമാണുണ്ടായിട്ടുള്ളത്. വയനാട് ജില്ലയിലെ പ്രത്യേക ലാന്റ് ട്രൈബ്യൂണൽ ഓഫീസുകളുടെ 40 താൽക്കാലിക തസ്തികകൾക്കും 31-12-2013 വരെ മാത്രം തുടർച്ചാനുമതി നൽകാനാണ് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുള്ളത്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു

**നിയമനിർമ്മാണകാര്യം (തുടർച്ച )**

**(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

(1) **2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

കുമാരി പി. കെ. ജയലക്ഷ്മി: ചരിത്രപരമായി ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് സാക്ഷ്യം വഹിച്ച കേരള നിയമസഭയിൽ യുവജനങ്ങൾക്കായി 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ നിയമമാക്കുന്നതിനുള്ള പ്രക്രിയയിൽ പങ്കാളികളാകുന്നത് അഭിമാനർഹമാണ്. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അവരുടെ അവകാശ സംരക്ഷണത്തിനും ക്ഷേമത്തിനും പ്രാമുഖ്യം നൽകുന്ന സംവിധാനം ഒരുക്കുകയാണ് ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ യുവജനതയുടെ മനുഷ്യവിഭവശേഷി നാടിന്റെ വികസനത്തിന് ഫലപ്രദമായി ഉപയോഗിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കാനുമാണ് ഈ ബില്ലിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. വനിതകളുടെ പ്രാധാന്യം കണക്കിലെടുത്ത് വനിതാ പ്രാതിനിധ്യം ഒന്നിൽ നിന്നും മൂന്നാക്കി വർദ്ധിപ്പിക്കുകയും കമ്മീഷന്റെ പ്രവർത്തന സ്വാതന്ത്ര്യത്തിനായി അർദ്ധ ജുഡീഷ്യൽ അധികാരം നൽകുന്നതിന് ആവശ്യമായ വകുപ്പുകൾ ബില്ലിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ റ്റി. വി. രാജേഷ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. യുവജനങ്ങളുടെ അവകാശ സംരക്ഷണത്തിനായുള്ള 2013-ലെ കേരള സംസ്ഥാന യുവജന

കമ്മീഷൻ ബിൽ യുവജനങ്ങളുടെ പ്രതീക്ഷയ്ക്ക് ഭംഗം വരുത്തുന്നതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്കുവന്നതിനുശേഷവും ബില്ലിൽ കാര്യമായ മാറ്റങ്ങൾ ഉൾകൊള്ളിച്ചിട്ടില്ല. ഉപദേശക സ്വഭാവത്തോടുകൂടിയ ഒന്നാണെന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ പോരായ്മ. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കാൻ നിയമപരമായി അധികാരമുള്ള സംവിധാനമായി യുവജനകമ്മീഷനെ മാറ്റിയെടുക്കാൻ കഴിയുന്ന വിധത്തിലല്ല ഈ നിയമം രൂപ കൽപന ചെയ്തിട്ടുള്ളത്. യുവത്വത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുംവിധം കമ്മീഷനെ ഫലപ്രദമാക്കാനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾകൊള്ളിക്കേണ്ടതായിരുന്നു. യുവത്വത്തെ സൃഷ്ടിപരമായ വഴികളിലൂടെ തിരിച്ചുവിടാനും സർഗ്ഗാത്മകമായി വിനിയോഗിക്കാനുമുള്ള ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തൊഴിൽ ചൂഷണത്തിന് വിധേയമാകുന്ന ഐ.ടി. മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഈ ബില്ലിൽ യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ല. തൊഴിൽ സുരക്ഷിതത്വ മില്ലായ്മ പരിഹരിക്കുന്നതിനും പ്രോസിക്യൂഷനുമുള്ള അധികാരം യുവജന കമ്മീഷന് നൽകണം. പൊതു വിദ്യാലയങ്ങളെ ദുർബലമാക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. വർഗ്ഗീയതയ്ക്കെതിരെ നടപടികൾ സ്വീകരിക്കുന്ന തിനുതകുന്ന വ്യവസ്ഥകൾ ഈ ബില്ലിലില്ല. അന്ധവിശ്വാസം, അനാചാരം

തുടങ്ങിയവയ്ക്കെതിരെ മാതൃകാപരമായ സമീപനം സ്വീകരിച്ച് ശാസ്ത്രബോധമുള്ള യുവതലമുറയെ വാർത്തെടുക്കാൻ കഴിയണം. സ്ത്രീധനം, വിവാഹ ധൂർത്ത് എന്നിവ തടയുന്നതിനുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളും അദ്ധ്യാപകരും നേരിടുന്ന ചൂഷണത്തിന് പരിഹാരമുണ്ടാക്കാൻ യുവജന കമ്മീഷന് കഴിയണം.

ഡോ. കെ .ടി. ജലീല്: വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. പുതിയ തലമുറയെ ജാതി-മത ശക്തികളിൽനിന്ന് സംരക്ഷിക്കാനും അവരെ മതേതരാധിഷ്ഠിത രാഷ്ട്രീയവത്കരണത്തിന് വിധേയമാക്കാനും സംഘടിതവും വ്യവസ്ഥാപിതവുമായ നീക്കങ്ങൾ എല്ലാ യുവജന-രാഷ്ട്രീയ സംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടാകത്തക്കവിധം യുവജന കമ്മീഷന് രൂപം നൽകാനാണ് ഈ നിയമത്തിലൂടെ ശ്രമിക്കേണ്ടത്. ഈ ബില്ലിലെ ഉദ്ദേശ ലക്ഷ്യങ്ങൾ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടില്ലാത്തതും കർമ്മ പരിപാടികളിൽ വ്യക്തതയില്ലാത്തതും ഈ കമ്മീഷനെ വെറുമൊരു ഉപദേശക സമിതിയായി ചുരുക്കിയിരിക്കുകയാണ്. കല, സാഹിത്യം, സംസ്കാരം എന്നിവയെ സംബന്ധിച്ച കാര്യങ്ങളെല്ലാം ബില്ലിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. കമ്മീഷന്റെ കാലാവധി മൂന്നു വർഷമെന്നത് അഞ്ച് വർഷമായി നിജപ്പെടുത്തണം. ഈ

കമ്മീഷനും ജുഡീഷ്യൽ അധികാരങ്ങൾ നൽകുകയും അംഗങ്ങൾക്ക് കൃത്യമായ വിദ്യാഭ്യാസ യോഗ്യതയും യുവജന രംഗത്തെ പ്രവൃത്തി പരിചയവും നിഷ്കർഷിക്കുകയും വേണം. വനിതകൾക്ക് മുപ്പത്തിമൂന്നു ശതമാനം പ്രാതിനിധ്യം ഉറപ്പു വരുത്തണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിന്റെ ഉദ്ദേശ്യം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഈ ബില്ലിൽ ഇല്ല. സമാനസ്വഭാവമുള്ള മറ്റ് കമ്മീഷനുകൾക്ക് അനുവദിച്ചുകൊടുത്തിട്ടുള്ള അധികാരങ്ങൾപോലും ഇല്ലാത്ത, സർക്കാരിന് ശുപാർശകൾ നൽകാൻ മാത്രം ഉതകുന്ന ഒരു കമ്മീഷനാണ് ബില്ലിൽ വിഭാവനം ചെയ്തിട്ടുള്ളത്. യുവജനക്ഷേമ ബോർഡുകൊണ്ട് നടപ്പിലാക്കാൻ കഴിയുമായിരുന്ന കാര്യങ്ങൾ മാത്രമേ ബില്ലിൽ പരാമർശിച്ചിട്ടുള്ളൂ. വനിതകളുടെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും പ്രാതിനിധ്യം കമ്മീഷനിൽ ഉറപ്പാക്കണം. യുവജനങ്ങൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിനോ അരാജകത്വം സൃഷ്ടിക്കുന്ന സാമൂഹ്യ ചുറ്റുപാടുകളിൽനിന്ന് അവരെ പിന്തിരിപ്പിക്കാനോ ഈ കമ്മീഷന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കുകയില്ല. സർഗ്ഗാത്മക പ്രതിഭകളുള്ള യുവജനങ്ങളെ രാഷ്ട്ര പുനർനിർമ്മാണത്തിൽ പങ്കാളികളാക്കാൻ കഴിയുന്ന

കാഴ്ചപ്പാട് ഈ ബില്ലിലില്ല. എയ്ഡഡ് മേഖലയിൽ അദ്ധ്യാപക നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും നിലനിൽക്കുന്ന അഴിമതി അവസാനിപ്പിക്കണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യുവജനങ്ങളെല്ലാം വഴിതെറ്റി സമൂഹത്തോട് പ്രതിബദ്ധതയില്ലാത്തവരാണെന്ന് പറയുന്നതിനോട് യോജിക്കുന്നില്ല. കേരളത്തിലെ ചെറുപ്പക്കാർക്ക് തൊഴിലില്ല എന്ന് വാദിക്കുമ്പോഴും സംസ്ഥാനത്ത് ഇരുപത്തിയഞ്ച് ലക്ഷത്തോളം ഡൊമസ്റ്റിക് മൈഗ്രന്റ് ലേബറേഴ്സുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവിടെ ലഭ്യമാകുന്നതിനേക്കാൾ കുറഞ്ഞ വേതനത്തിന് കേരളീയർ വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യാൻ തയ്യാറാകുന്ന സാഹചര്യം ചർച്ചയ്ക്ക് വിധേയമാക്കണം. അഡീഷണൽ സ്കിൽ അക്യുസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നത് അഭിനന്ദനാർഹമാണ്. 'അസാപ്പ്' നെ പിൻതുണയ്ക്കുന്ന ഒരു കർമ്മപരിപാടി ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന അടിസ്ഥാനത്തിൽ സ്കിൽ പാർക്ക് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സ്റ്റാർട്ട് അപ്പ്

വില്ലേജുകൾ ആരംഭിക്കുന്ന പദ്ധതി സ്വാഗതാർഹമാണ് . ആർഭാടങ്ങൾക്കെതിരായും വർഗ്ഗീയതയ്ക്കെതിരായും യുവാക്കളുടെ മുന്നേറ്റം ഉണ്ടാകണം.

<u>ശ്രീ. എ. എം. ആരിഫ്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. യുവജന കമ്മീഷന് മറ്റു കമ്മീഷനുകളെപ്പോലെ അധികാരങ്ങളും അവകാശങ്ങളും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും നൽകണം. യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കപ്പുറമായി കമ്മീഷന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്താൻ ബില്ലിന് കഴിഞ്ഞിട്ടില്ല. ഒഴിവുള്ള തസ്തികകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ബിൽ അപര്യാപ്തമാണ്.

<u>ശ്രീ. കെ. എം. ഷാജി:</u> ബില്ലിന്റെ അന്തസത്തയോട് യോജിക്കുന്നു. സമൂഹത്തിലെ മുഴുവൻ പ്രശ്നങ്ങളും ഏറ്റെടുത്തുകൊണ്ട് നാടിന്റെ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താൻ യുവജനങ്ങൾ തയ്യാറാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനാവശ്യമായ നടപടി

സ്വീകരിക്കണം. ബില്ലിൽ "യുവാക്കളെ" എന്ന അഭിസംബോധനയ്ക്കുപകരം "യുവജനങ്ങളെ" എന്നും "യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിന്" എന്നതിനു പകരം "ഉത്തരവാദിത്വവും മനുഷ്യത്വവും ദേശസ്നേഹവും പൗരത്വവും മൂല്യബോധവും ഉള്ളവരാക്കുന്നതിന്" എന്നും ഭേദഗതി ചെയ്യണം. സെക്ഷൻ 8-ൽ കമ്മീഷൻ 'ഒരുമാസത്തിലെങ്കിലും' യോഗം ചേരണമെന്ന നിർദ്ദേശം ഉൾപ്പെടുത്തണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : ഈ ബിൽ കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളല്ല ഇന്നത്തെ യുവസമൂഹം നേരിടുന്നത്. സ്കൂളുകളിലും കലാലയങ്ങളിലും വർഗ്ഗീയവാദികൾ കടന്നുവരുന്ന സ്ഥിതി സംജാതമായിരിക്കുകയാണ്. ജാതിസംഘടനകളുടെ ലക്ഷ്യങ്ങളാണ് സമൂഹത്തിൽ നടപ്പാക്കപ്പെടുന്നത്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി <u>(കുമാരി പി. കെ. ജയലക്ഷ്മി):</u> ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. യുവജനങ്ങളുടെ അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി കൊണ്ടുവന്ന ബില്ലാണിത്. മുൻ സർക്കാരിന്റെ കാലത്ത്

തയ്യാറാക്കിയ കരട് ബില്ലിൽ ഗുണപ്രദമായ ചില കൂട്ടിച്ചേർക്കലുകൾ മാത്രമാണ് വരുത്തിയിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവജനക്ഷേമപ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കാനുള്ള തീരുമാനം കമ്മീഷന്റെ മുന്നോട്ടുള്ള പ്രവർത്തനം നല്ല നിലയിലായിരിക്കുമെന്നതിന്റെ സൂചനയാണ്. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് യുവജനകമ്മീഷന്റെ പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്താൻ കഴിയും. യുവജനക്ഷേമ ബോർഡിൽനിന്നും വ്യത്യസ്തമായി ക്വാസി-ജുഡീഷ്യൽ അധികാരത്തോടുകൂടി യുവജനങ്ങളുടെ പ്രശ്നങ്ങളിൽ സ്വമേധയാ ഇടപെടാനും നടപടി കൈകൊള്ളുവാനുമുള്ള അധികാരത്തോടുകൂടിയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. യുവജനക്ഷേമ ബോർഡിൽ പ്രതിപക്ഷത്തുനിന്ന് ഒരംഗത്തെ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതായിരിക്കും. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

146, 147, 148, 149, 150, 151, 154, 155, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>മൂന്നാം വകുപ്പ്</u>

158, 160, 161, 162, 164, 165, 167, 168, 169, 170, 172, 173, 176, 179, 180, 182, 183, 184, 187, 188, 190, 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

165. ഖണ്ഡം 3(2)(ബി)-യിൽ, " അത്രയും " എന്ന വാക്ക് ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

202, 203, 205, 206, 207, 209, 210, 211, 212, 214, 215, 217, 218, 219, 222, 223, 224, 225, 227, 229, 231, 233, 234, 235, 236 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

212. ഖണ്ഡം 4(4)(എ)-യിൽ, " ഒരു " എന്ന വാക്കിനുശേഷം" കോടതി" എന്ന വാക്ക് ചേർക്കുക.

227. ഖണ്ഡം 4(4)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും

തുടർന്നുള്ളവ പുനരക്കം ചെയ്യുകയും ചെയ്യുക.

“ (5) അദ്ധ്യക്ഷൻ ആ സ്ഥാനത്ത് തുടരുന്നിടത്തോളം കാലം വേതനം പറ്റുന്ന മറ്റു ജോലികളിലോ പ്രതിഫലമുള്ള മറ്റ് പ്രവൃത്തികളിലോ വ്യാപൃതനാകാൻ പാടില്ലാത്തതാകുന്നു". എന്ന ഭേദഗതിയിൽ "അദ്ധ്യക്ഷൻ"എന്നതിനുപകരം " ചെയർപേഴ്സൺ "എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

238, 239, 240, 241 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ആറാം വകുപ്പ്

243, 244, 245, 246 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

എട്ടാം വകുപ്പ്

247, 248, 249, 250, 251, 252, 253, 254, 255, 256

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

255-ആം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിച്ചു.

'എന്നാൽ അപ്രകാരം ക്ഷണിക്കപ്പെടുന്നവർക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾ നൽകേണ്ടതാണ്'.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

258, 259, 260, 262, 263,265, 266, 267,268,270, 273,274, 275, 276, 277, 278, 279, 280, 281, 282, 283, 284, 285, 289, 290, 292, 294, 296, 297, 298, 299, 300, 302, 303, 305, 306, 307, 308, 309, 310, 311, 312, 313, 314, 315, 316, 317, 318, 320, 321, 322, 323, 329, 330, 331, 332, 333, 334, 335, 336, 337, 339, 340, 341, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികള്, ഭേദഗതികളോടുകൂടി മന്ത്രി സ്വീകരിച്ചു.

266. ഖണ്ഡം 9(2)(എ)-യിൽ "പരിശോധിക്കുകയും" എന്ന വാക്കിനുശേഷം “പരിഹാര നടപടികൾ ശുപാർശ ചെയ്യുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കുക.

270. ഖണ്ഡം 9(2)ബി-യിൽ "പുകയില ഉൽപ്പന്നങ്ങള്" എന്നീ വാക്കുകൾക്ക് ശേഷം "നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങള്" എന്നീ വാക്കുകൾ ചേർക്കുക.

330. ഒമ്പതാം വകുപ്പ് (രണ്ടാം) ഉപവകുപ്പിൽ (ജെ) ഇനം (കെ) ഇനമായി

പുനരക്ഷരം ചെയ്യേണ്ടതും അങ്ങനെ പുനരക്ഷരം ചെയ്ത (കെ) ഇനത്തിനു മുൻപായി താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്.

"(ജെ) പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമസാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക".

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 290, 303, 307, 341 എന്നീ നമ്പർ ഭേദഗതികൾ 44-നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

342, 343, 344, 345, 346, 347, 348, 349, 350, 351, 352, 353, 354, 355, 357, 358 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

355. ഖണ്ഡം 10 (5)-ൽ "മൊഴിയോവഴി" എന്ന വാക്കിനുപകരം"മൊഴിയോ വഴി" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

360, 361, 362, 363, 364, 365, 366, 367, 368, 369, 370, 371, 372 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

പന്ത്രണ്ടാം വകുപ്പ്

374-ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പതിമൂന്നാം വകുപ്പ്

376, 377, 378, 379, 380, 381, 382, 383, 384, 385, 386, 387, 388, 389 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

388. ഖണ്ഡം 13(4)-ല്, "വയ്പിക്കേണ്ടതുമാണ്" എന്നതിനു പകരം "വയ്ക്കേണ്ടതുമാണ്" എന്നു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി

പതിനാലാം വകുപ്പ്

390, 391, 392, 393, 394 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

390. ഖണ്ഡം 14(1)-ല്, "കഴിയുന്നത്രവേഗം" എന്നതിനു പകരം "മൂന്ന്

മാസത്തിനുള്ളില്" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി

പതിനഞ്ചാം വകുപ്പ്

395 -ആം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പതിനെട്ടാം വകുപ്പ്

398, 399, 400, 401, 402, 403 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

400. ഖണ്ഡം 18(2)(ഇ)-യില്, "വച്ചുപോരേണ്ടതായ" എന്നതിനുപകരം "സൂക്ഷിച്ചുപോരേണ്ടതായ" എന്നു ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി

ഒന്നാം വകുപ്പും പീഠികയും പേരും

107, 109, 110, 111, 112, 113, 114, 115, 116, 117, 118, 119, 120, 121, 122, 123, 124, 124 എ, 125, 126, 127, 129, 130, 131, 132, 133, 134, 135, 137, 138, 139, 140, 141, 142, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

"124. പീഠികയില്, "അറുപത്തിനാലാം" എന്നതിനുപകരം "അറുപത്തിയഞ്ചാം" എന്ന വാക്ക് ചേർക്കുക."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): 2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണന്: സംസ്ഥാനത്ത് ആദ്യമായി ഒരു യുവജന കമ്മീഷൻ രൂപീകരിക്കുന്നതിന് കൊണ്ടുവന്ന ബില്ലിനെ ഞങ്ങൾ അംഗീകരിക്കുന്നു. ഒരു ഉപദേശക സമിതിയുടെ രൂപത്തിലാണെങ്കിലും ഇപ്പോൾ ഒരു കമ്മീഷൻ വരുന്നത് നല്ലതാണ്. കമ്മീഷന്റെ ഫലപ്രദമായ

പ്രവർത്തനങ്ങൾക്കുള്ള സഹായം ഗവൺമെന്റ് നൽകണം. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കാവുന്നതാണ്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): യുവജന കമ്മീഷൻ രൂപീകരിക്കുന്നതിനായി ഒരു ബിൽ ഇന്ത്യയിൽ ആദ്യമായി കൊണ്ടുവരുന്നത് കേരള നിയമസഭയിലാണ്. കേരളത്തിലെ യുവജനങ്ങളുടെ ക്ഷേമത്തിനായി കൊണ്ടുവന്ന ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കര്: ബില്ലുകളൊന്നും പൈലറ്റ് ചെയ്ത് പരിചയസമ്പത്ത് ഇല്ലെങ്കിലും മന്ത്രി കുമാരി പി. കെ. ജയലക്ഷ്മി നന്നായി ഈ ബിൽ പൈലറ്റ് ചെയ്തു. ഭരണ-പ്രതിപക്ഷഭേദമില്ലാതെ സഭയിലെ എല്ലാപേരും സഹകരിക്കുകയും ചെയ്തതിൽ ചെയറിന്റെ നന്ദി രേഖപ്പെടുത്തുന്നു.

2013-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**പ്രമേയം**

**കാര്യോപദേശക സമിതി റിപ്പോർട്ടിലെ ശുപാർശയുടെ ഭേദഗതി**

മുഖ്യമന്ത്രി (ശ്രീ ഉമ്മൻ ചാണ്ടി): 2014 ജനുവരി ഇരുപത്തിയെട്ടാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശുപാർശ ഭാഗികമായി ഭേദഗതി ചെയ്ത് 2014 ഫെബ്രുവരി ഏഴാം തീയതി വെള്ളിയാഴ്ച സമാപിക്കുവാൻ നിശ്ചയിച്ചിരുന്ന സഭയുടെ നടപ്പ സമ്മേളനം ഫെബ്രുവരി ആറാംതീയതി വ്യാഴാഴ്ച സമാപിപ്പിക്കണമെന്ന് സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കര്: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## (ii) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി ) ബിൽ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടു

ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാര്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: 2008-ൽ നിലവിൽവന്ന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ക്വാറം മൂന്നിൽനിന്നും രണ്ടായി കുറയ്ക്കുന്നതിനാണ് ഈ ഭേദഗതി.

ശ്രീ. പി. തിലോത്തമൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. നിലവിലുള്ള അഞ്ചംഗ കമ്മീഷന്റെ ക്വാറം മൂന്ന് എന്ന് നിജപ്പെടുത്തിയിരുന്നതിനെ രണ്ടാക്കുകയും അതിലൊരാൾ മത്സ്യത്തൊഴിലാളി ആയിരിക്കണമെന്ന് ബില്ലിൽ നിഷ്കർഷിച്ചിരിക്കുന്നത് ഈ നിയമത്തിന്റെ സത്തയ്ക്ക് ചേർന്നതല്ല. രണ്ട് പേരടങ്ങുന്ന ബഞ്ചിൽ പ്രായോഗിക തീരുമാനങ്ങളെടുക്കുന്നതിന് ബുദ്ധിമുട്ടുകളുണ്ടാകും. കമ്മീഷൻ തീർപ്പ് കല്പിച്ച അപേക്ഷകളിൽ 300 കോടിയോളം രൂപയുടെ ബാധ്യത നിലനിൽക്കുകയും ഒരുപാട് അപേക്ഷകൾ കെട്ടിക്കിടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കടാശ്വാസത്തിനുവേണ്ടി 10 കോടി രൂപ നീക്കിവച്ചിട്ടുള്ളത് നീതികരിക്കാനാവില്ല. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി കൊടുക്കുന്നതിന് 100 കോടി രൂപ വകയിരുത്തിയത് സ്വാഗതാർഹമാണ്. അപകടങ്ങളിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെടുന്നവർക്ക്

നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കടൽഭിത്തി നിർമ്മാണത്തിന്റെ ചുമതല ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കുന്നത് ഫലപ്രദമായിരിക്കും.

ശ്രീ. ടി. എൻ. പ്രതാപൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കടാശ്വാസ കമ്മീഷന്റെ സിറ്റിംഗുകൾ കൂട്ടുന്നതിനും ക്വാറം കുറയ്ക്കുന്നതിനും വേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. കടാശ്വാസ കമ്മീഷന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബാക്കി തുക കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ വർഷം അൻപത് കോടി രൂപകൂടി അനുവദിക്കുകയും വേണം. സുനാമി ദുരിതാശ്വാസ ഫണ്ട് ലഭ്യമായിട്ടുപോലും മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. സി.ആര്.ഇസഡ്-മായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമു ണ്ടാക്കണം.

ശ്രീ. കെ. ദാസന്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഈ കമ്മീഷൻ നിലവിൽ വന്നത്. ഈ ഗവൺമെന്റ് വന്നശേഷം മത്സ്യത്തൊഴിലാളികളുടെ കട ബാധ്യത തീർക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളുടെയും വായ്പാ അക്കൗണ്ടുകൾ കമ്മിഷൻ നിർദ്ദേശിച്ച പ്രകാരം സഹകരണ വകുപ്പ് മുഖേന കടാശ്വാസ സംഖ്യ വകയിരുത്തുന്ന നടപടി ഇപ്പോഴും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ജപ്തി നടപടികൾ ആരംഭിക്കുകയും കർഷകർ ആത്മഹത്യ ചെയ്യുന്ന അവസ്ഥ സംജാതമായിരിക്കുകയുമാണ്. കടാശ്വാസ തുക പലിശയിലും പിഴപ്പലിശയിലും വകയിരുത്തണമെന്നാണ് സഹകരണ വകുപ്പ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ദേശ സാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളുമായി ധാരണയിലെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മത്സ്യത്തൊഴിലാളികളുടെ ഈ അവസ്ഥയ്ക്ക് എത്രയും പെട്ടെന്ന് പരിഹാരം കാണണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കടാശ്വാസ കമ്മീഷൻ 176 സിറ്റിംഗ് നടത്തിയിട്ടുണ്ട്. സിറ്റിംഗിന്റെ എണ്ണം കുറവായതിനാൽ അംഗസംഖ്യ രണ്ടായി ചുരുക്കുന്ന ഭേദഗതിയാണ് കൊണ്ടുവരുന്നത്. കമ്മിഷന് ലഭിക്കുന്ന അപേക്ഷകളിന്മേൽ കഴിയുന്നത്ര വേഗത്തിൽ തീർപ്പ് കൽപ്പിക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സർക്കാരിതര ബാങ്കുകളിൽനിന്നുള്ള വായ്പകളും എഴുതിത്തള്ളുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാങ്കുകളുമായി നടത്തിയ ചർച്ചയെത്തുടർന്ന് കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടികൾ സ്വീകരിക്കുകയും ഇതുവരെയായി 65.46 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കടാശ്വാസ കമ്മീഷന് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി രണ്ടു ലക്ഷം രൂപ അനുവദിക്കുകയും 8500 പേർക്ക് ധനസഹായം നൽകുകയും ചെയ്തു. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുനാമി ബാധിത പ്രദേശമായ ആലപ്പാടിന്റെ പുനരുദ്ധാരണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി

സ്വീകരിക്കുന്നതാണ്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തീരദേശ റോഡ് വികസനത്തിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യമേഖലയുടെ ഉന്നമനത്തിനായി കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

112, 116, 117, 118, 120, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

107, 110, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

107. പീഠികയിൽ "അറുപത്തിനാലാം" എന്ന വാക്കിനുപകരം "അറുപത്തിഅഞ്ചാം" എന്ന വാക്ക് ചേർക്കുക.

110.ഖണ്ഡം 1(2)ല്, “2010 ഏപ്രിൽ 10” എന്നീ വാക്കിനും അക്കങ്ങൾക്കും പകരം "2013 മെയ് 16” എന്നീ വാക്കും അക്കങ്ങളും ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം **7.00** മണിക്ക് പിരിഞ്ഞു.

*****************